# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4551** | **21/3/2018-ൽ മറുപടിക്ക്**

**വ്യാജ മരുന്ന് വില്പന മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഗുണമില്ലാത്ത മരുന്നുകളും പ്രമുഖ കമ്പനികളുടെ വ്യാജ മരുന്നുകളും വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിൽക്കുന്നതായി കണ്ടെത്തിയിട്ടില്ല. കേന്ദ്രസർക്കാർ, 2014 - 16 കാലഘട്ടത്തിൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ്, നോയിഡ മുഖേന നടത്തിയ സർവേ, കേരളത്തിൽ വ്യാജ മരുന്നുകളില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>എന്നാൽ, ഡ്രഗ്സ് ഇൻസ്പെക്ടർമാർ, അവരുടെ പതിവ് പരിശോധനകളിൽ ശേഖരിക്കുന്ന മരുന്ന് സാമ്പിളുകളിൽ ചിലത് ഗുണനിലവാരം ഇല്ലാത്തവയായി മരുന്ന് പരിശോധന ലാബോറട്ടറികളിൽ നിന്ന് റിപ്പോർട്ട് ലഭിക്കാറുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ പരിശോധനയ്ക്കെടുത്തതിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ മരുന്നുകൾ 5%-ത്തിൽ താഴെ മാത്രമാണ്. |
| ബി) | ഇത്തരം മരുന്നുകൾ കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗം മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുന്നുണ്ടോ; | ബി) | ഉണ്ട്. |
| സി) | സംസ്ഥാനത്തുള്ള മെഡിക്കൽ സ്റ്റോറുകൾ പരിശോധിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിലവിലുണ്ടോ; | സി) | സംസ്ഥാനത്ത് ആകെ 21,213 (19/03/2018 വരെ) മരുന്നുവ്യാപാരികളും, ഇവയുടെ പരിശോധനയ്ക്കായി 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുമാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള മഷേൽക്കർ കമ്മിറ്റി, 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന അനുപാതമാണ് ശുപാർശ ചെയ്തിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 100 ഡ്രഗ്സ് ഇൻസ്പെക്ടർമാരാണ് ആവശ്യമായിട്ടുള്ളത്. ഡ്രഗ്സ് ഇൻസ്പെക്ടർ-മാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

→

| | | | |
|---|---|---|---|
| ഡി) | ജി.എസ്.ടിയുടെ ഭാഗമായി മരുന്നുകൾക്ക് ബാർകോഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) യും ഇ) യും | സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| ഇ) | ഈ പദ്ധതി നിലവിൽ വരുന്നതോടു കൂടി മരുന്ന് വില്പന സുതാര്യമാകുകയും വ്യാജമരുന്നുകളുടെ വില്പന അവസാനിക്കുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോ? | | |

സെക്ഷൻ ഓഫീസർ